## പതിനാലാം കേരള നിയമസഭ

# ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതി (2016-2019)

## ഒന്നാമത് റിപ്പോർട്ട്

(2017 ആഗസ്റ്റ് 8-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2017

# ഉള്ളടക്കം

| | | പേജ് |
|---|---|---|
| 1. | സമിതിയുടെ ഘടന | : 2 |
| 2. | ആമുഖം | : 3 |
| 3. | റിപ്പോർട്ട് | : 4 |
| 4. | അനുബന്ധം I | : 18 |
| 5. | അനുബന്ധം II | : 19 |

# ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതി (2016-2019)

## സമിതിയുടെ ഘടന

<u>അദ്ധ്യക്ഷൻ :</u>

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്

<u>അംഗങ്ങൾ :</u>

ശ്രീ. ശ്രീ. വി. ടി. ബൽറാം

ശ്രീ. കെ. ദാസൻ

ശ്രീ. ബി. ഡി. ദേവസ്സി

ശ്രീ. പുരുഷൻ കടലുണ്ടി

ശ്രീ. ആർ. രാജേഷ്

ശ്രീ. റോജി എം. ജോൺ

ശ്രീ. എ. കെ. ശശീന്ദ്രൻ

ശ്രീ. വി. ആർ. സുനിൽ കുമാർ

<u>നിയമസഭാ സെക്രട്ടേറിയറ്റ് :</u>

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. എ. അബ്ദുൾ ഖരീം, അഡീഷണൽ സെക്രട്ടറി

ശ്രീ. എസ്. അനിൽ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. പി. വി. ചന്ദ്രദാസ്, അണ്ടർ സെക്രട്ടറി

# ആമുഖം

പതിനാലാം കേരള നിയമസഭയുടെ ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതി(2016-2019) 2016 ജൂലായ് 25-ാം തീയതി രൂപീകരിക്കപ്പെട്ടു. പതിനാലാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിൽ ചട്ടം 303 പ്രകാരം ഉന്നയിച്ച ഒരു ക്രമപ്രശ്നത്തിൻമേൽ, സഭാതലത്തിൽ നൽകുന്ന ഉറപ്പുകളിൻമേലും ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ ശിപാർശകളിൻമേലും യഥാസമയം നടപടി സ്വീകരിക്കേണ്ടതാണെന്നും അല്ലാത്ത പക്ഷം കർക്കശമായ നടപടികൾ സ്വീകരിക്കുവാനുള്ള അധികാരങ്ങൾ പ്രസ്തുത സമിതിയ്ക്കുണ്ട് എന്ന് ബഹു. സ്പീക്കർ 13.07.2016 ൽ നൽകിയ റൂളിംഗ് സമിതിയുടെ ആദ്യയോഗത്തിൽത്തന്നെ ചർച്ച ചെയ്തു. ബഹു. സ്പീക്കറുടെ റൂളിംഗിനെ അടിസ്ഥാനമാക്കി ഉറപ്പുകളുടെ പാലനം സംബന്ധിച്ച് വിശദമായി പരിശോധിക്കുകയുണ്ടായി. സഭാതലത്തിൽ നൽകപ്പെടുന്ന ഉറപ്പുകൾ കൈകാര്യം ചെയ്യുന്നതിൽ വിവിധ വകുപ്പുകൾ കാണിക്കുന്ന ഉദാസീനത സമിതിയ്ക്ക് ബോധ്യമാകുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഉറപ്പുകളുടെ നിർവ്വഹണം സമയബന്ധിതവും കാര്യക്ഷമവുമാക്കുന്നതിന് സഹായകമായ നിർദ്ദേശങ്ങളും ശിപാർശകളും അടങ്ങിയ ഒരു റിപ്പോർട്ട് സഭയിൽ സമർപ്പിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു.

2017 ആഗസ്റ്റ് 1-ാം തീയതി ചേർന്ന ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയോഗം അംഗീകരിച്ച ഈ റിപ്പോർട്ട് സമിതിയുടെ ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

തിരുവനന്തപുരം
2017 ആഗസ്റ്റ് 08

വി.കെ.ഇബ്രാഹിം കുഞ്ഞ്,
ചെയർമാൻ
ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതി

## റിപ്പോർട്ട്

ആധുനിക കാലത്തെ നിയമസഭാ പ്രവർത്തനം വളരെ വൈവിധ്യമേറിയതും സങ്കീർണ്ണവുമാണ്. ഇത്തരം പ്രവർത്തനങ്ങൾക്കായി ലഭിച്ചിട്ടുള്ള സമയമാവട്ടെ വളരെ പരിമിതവും. എക്സിക്യൂട്ടീവിന്റെ പ്രവർത്തനങ്ങളിൽ നിതാന്ത ജാഗ്രത പുലർത്തുന്നതിനും സഭ മുൻപാകെ വരുന്ന നിയമനിർമ്മാണപരവും അല്ലാത്തതുമായ കാര്യങ്ങൾ സൂക്ഷ്മമായി പരിശോധിക്കുന്നതിനും വർഷത്തിൽ 100 ദിവസമെങ്കിലും സമ്മേളിക്കണമെന്നാഗ്രഹിക്കുന്ന നിയമസഭക്ക് സമയപരിമിതിമൂലം പലപ്പോഴും സാധിക്കുന്നില്ല. ഇതിന് ഒരു പരിഹാരമായാണ് സഭ മുൻപാകെ വരാവുന്ന ഓരോ വിഷയവും വിശദമായ പരിശോധനക്ക് വിധേയമാക്കാനായി നിയമസഭാ സമിതികൾ രൂപീകരിച്ചിരിക്കുന്നത്. പാർലമെന്ററി ഭരണ സംവിധാനത്തിന്റെ വിജയത്തിന് അത്യന്താപേക്ഷിതമായ ഒരു ഉപാധിയുമാണിത്.

2) അനൗദ്യോഗിക ബില്ലുകളും അനൗദ്യോഗിക പ്രമേയങ്ങളും സംബന്ധിച്ച ഉറപ്പുകൾ, വാഗ്ദാനങ്ങൾ മുതലായവ അല്ലാതുള്ള, സഭാതലത്തിൽ മന്ത്രിമാർ നൽകുന്ന ഉറപ്പുകൾ, വാഗ്ദാനങ്ങൾ മുതലായവ പരിശോധിക്കുകയും അത്തരത്തിലുള്ള ഉറപ്പുകൾ, വാഗ്ദാനങ്ങൾ മുതലായവ എത്രത്തോളം നടപ്പിൽ വരുത്തിയിട്ടുണ്ടെന്നും അവ നടപ്പിൽ വരുത്തിയിട്ടുള്ള പക്ഷം അക്കാര്യത്തിനായി ആവശ്യമുള്ള ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിൽതന്നെയാണോ നടപ്പാക്കിയിട്ടുള്ളതെന്നും പരിശോധിച്ച് സഭയ്ക്ക് റിപ്പോർട്ട് ചെയ്യുകയാണ് നിയമസഭയുടെ ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ പ്രധാന ചുമതല.

3) പതിനാലാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിൽ ബഹു.എം.എൽ.എ, ശ്രീ.എം.ഉമ്മർ ചട്ടം 303 പ്രകാരം, സഭാതലത്തിൽ സർക്കാർ നൽകിയ ഉറപ്പുകളിൻമേൽ യഥാസമയം നടപടി സ്വീകരിക്കുന്നില്ല എന്നും ഉറപ്പുകൾ സംബന്ധിച്ച സമിതി പരിഗണിച്ച് സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിൻമേൽ യഥാസമയം നടപടി സ്വീകരിക്കുന്നില്ല എന്നും നിയമസഭാ

ചോദ്യങ്ങൾക്ക് യഥാസമയം പൂർണ്ണമായ ഉത്തരം ലഭ്യമാകുന്നില്ല എന്നും 13.07.2016 ന് ക്രമപ്രശ്നമായി ഉന്നയിക്കുകയുണ്ടായി.

4) ആയതിന് ബഹു.സ്പീക്കർ 'സഭാതലത്തിൽ സർക്കാർ നൽകുന്ന ഉറപ്പുകളിൻമേലും ഉറപ്പുകൾ സംബന്ധിച്ച സമിതി നൽകുന്ന ശിപാർശകളിൻമേലും സർക്കാർ വകുപ്പുകൾ യഥാസമയം നടപടി സ്വീകരിക്കാതിരിക്കുന്ന പക്ഷം ആയതിൻമേൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടത് ഉറപ്പുകൾ സംബന്ധിച്ച സമിതി തന്നെയാണെന്നും അതിനാവശ്യമായ കർക്കശമായ നടപടികൾ സ്വീകരിക്കുവാനുള്ള എല്ലാ അധികാരങ്ങളും ചട്ട പ്രകാരം പ്രസ്തുത സമിതിക്കുണ്ട് എന്നും ചട്ട പ്രകാരം മുൻകൂർ നോട്ടീസ് നൽകി ബഹു. അംഗങ്ങൾ ചോദിക്കുന്ന ചോദ്യങ്ങൾക്ക് യഥാസമയം പൂർണ്ണമായ മറുപടി ലഭിക്കുക എന്ന ന്യായമായ അവകാശം നിഷേധിക്കുന്ന തരത്തിലുള്ള ഒരു നടപടിയും ബന്ധപ്പെട്ടവരുടെ ഭാഗത്തുനിന്നും ഉണ്ടാകാൻ പാടില്ല' എന്നും റൂളിംഗ് നൽകുകയുണ്ടായി.

5) പതിനാലാം കേരളനിയമസഭയിൽ രൂപീകരിക്കാനിരിക്കുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതി ഇക്കാര്യം ഗൗരവപൂർവ്വം പരിഗണിക്കണമെന്നും ഈ സഭയിൽ ഉണ്ടാവുന്ന ഉറപ്പുകൾ സംബന്ധിച്ചും മുൻസഭകളിലെ പൂർത്തീകരിക്കാത്ത ഉറപ്പുകൾ സംബന്ധിച്ചുമുള്ള ജോലികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ ഉതകുന്ന തരത്തിലുള്ള നടപടികൾ പ്രസ്തുത സമിതി കൈക്കൊള്ളണമെന്നും സർക്കാരിന്റെ വിവിധ വകുപ്പുകൾ സമിതിയുടെ പ്രവർത്തനവുമായി സഹകരിക്കണമെന്നും ബഹു.സ്പീക്കർ റൂളിംഗ് നൽകുകയുണ്ടായി.

6) പതിനാലാം കേരളനിയമസഭയുടെ ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതി (2016-2019) 2016 ജൂലൈ 25-ാം തീയതി രൂപീകരിച്ചു. സമിതിയുടെ പ്രഥമയോഗം 2016 ആഗസ്റ്റ് 29-ാം തീയതി ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിൽ ബഹു. സ്പീക്കറുടെ റൂളിംഗിന്റെ കൂടി അടിസ്ഥാനത്തിൽ

മുൻകാലസമിതികളുടെ നാളിതുവരെയുള്ള പ്രവർത്തനങ്ങൾ സമിതി സമഗ്രമായി പരിശോധിക്കുകയും വിശകലനം ചെയ്യുകയും ചെയ്തു. നിലവിലുള്ള ഉറപ്പുകളുടെ തൽസ്ഥിതി പരിശോധിച്ച സമിതിയ്ക്ക് ഉറപ്പുകൾ കൈകാര്യം ചെയ്യുന്നതിൽ സർക്കാർ തലത്തിൽ കാണുന്ന അലംഭാവം വ്യക്തമാവുകയും ആയതിനെക്കുറിച്ച് ഒരു റിപ്പോർട്ട് തയ്യാറാക്കി സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് തീരുമാനിക്കുകയും ചെയ്തു.

7) ഉറപ്പുകൾ പാലിക്കുന്നതിൽ സർക്കാർ വകുപ്പുകളുടെ ഭാഗത്തു നിന്നുണ്ടാകുന്ന അലംഭാവം അവസാനിപ്പിക്കാൻ ദൃഢനിശ്ചയം ചെയ്ത സമിതി, നാളിതുവരെ വിവിധ സമ്മേളനങ്ങളിലെ 224 ഉറപ്പുകൾ പരിഗണിച്ചു. ഉറപ്പുകൾക്ക് ലഭിച്ച തൃപ്തികരമല്ലാത്ത മറുപടികളെ അടിസ്ഥാനമാക്കി റവന്യൂ, സഹകരണം, ആരോഗ്യം, തദ്ദേശസ്വയംഭരണം, മൃഗസംരക്ഷണം എന്നീ വകുപ്പുകളിൽ നിന്നും തെളിവെടുപ്പ് നടത്തിയിട്ടുണ്ട്. രണ്ട് സഭാസമ്മേളന കാലയളവിലെ ഉറപ്പുകൾ തെരഞ്ഞെടുത്ത് അംഗീകരിക്കുകയും ആയത് നടപടി റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുകളെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

8) സഭാതലത്തിൽ നൽകുന്ന ഉറപ്പുകൾ യഥാസമയം പാലിക്കുന്നതിൽ ഗവൺമെന്റ് വീഴ്ചവരുത്തുന്നുവെന്നകാര്യം ആവർത്തിച്ച് ചൂണ്ടിക്കാണിച്ചിട്ടുണ്ടെങ്കിലും ഓരോ ഉറപ്പിന്റെയും നിർവ്വഹണം സംബന്ധിച്ച വിവരം സമിതിയെ അറിയിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള സമയപരിധിയായ 2 മാസം എന്നുള്ളതിന് പകരം മാസങ്ങളും വർഷങ്ങളും തന്നെ എടുക്കാറുണ്ട് എന്നത് ഈ യോഗങ്ങളിൽ നിന്നും ബോധ്യമാവുകയും ആയത് ഗൗരവതരമായ വിഷയമാണെന്ന് വിലയിരുത്തുകയും ചെയ്തു.

9) ചോദ്യോത്തരങ്ങളിലൂടെയാണ് ഏറ്റവും കൂടുതൽ ഉറപ്പുകൾ സഭയിൽ നൽകപ്പെടുന്നത്. അതുകൊണ്ടുതന്നെ ഉറപ്പുകളുടെ കാര്യം പരിഗണിക്കുമ്പോൾ, ചോദ്യോത്തരവേളയുടെ കാര്യം പരാമർശിക്കാതിരിക്കുന്നത് ശരിയല്ല എന്ന് സമിതി

കരുതുന്നു. സഭാ നടപടിക്രമമനുസരിച്ച് ഒരു ദിവസത്തേക്ക് നിശ്ചയിച്ചിട്ടുള്ള ചോദ്യങ്ങളുടെ ഉത്തരങ്ങൾ തൊട്ടുതലേദിവസം വൈകുന്നേരം 5 മണിക്ക് മുൻപായി നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കണമെന്നാണ് (ചട്ടം 47) വ്യവസ്ഥ ചെയ്തിരിക്കുന്നത്. എന്നാൽ സഭാവേദിയിൽ വാക്കാൽ മറുപടി പറയേണ്ടുന്ന നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങളുടെ കാര്യത്തിൽപ്പോലും വൈകുന്നേരം 5 മണി എന്നുള്ള സമയനിഷ്ഠ പാലിക്കുവാൻ ബന്ധപ്പെട്ട വകുപ്പുകൾ ശ്രദ്ധിക്കുന്നില്ല എന്നത് സർക്കാർ നടപടിക്രമങ്ങളിലുള്ള പാളിച്ചയായാണ് സമിതിക്ക് വിലയിരുത്തുവാൻ സാധിക്കുന്നത്. രേഖാമൂലം മറുപടി നൽകേണ്ട നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ കാലതാമസപത്രികയില്ലാതെ 15 ദിവസത്തിനുള്ളിൽ സഭയിൽ ലഭ്യമാക്കാൻ സഭാനടപടിചട്ടം അനുവദിക്കുന്നുണ്ട്. എന്നാൽ കാലതാമസപത്രികയോടൊപ്പം സഭയിൽ ലഭ്യമാക്കാത്ത ചോദ്യോത്തരങ്ങളുടെ ലിസ്റ്റിൽ 13-ാം കേരള നിയമസഭയുടെ ഒന്നാം സമ്മേളന കാലത്തേത് മുതലുള്ളവ ഉൾക്കൊള്ളുന്നുവെന്നത് സർക്കാർ വകുപ്പുകൾ നിയമസഭയോട് കാണിക്കുന്ന അനാദരവ് എത്രത്തോളമുണ്ടെന്ന് കാണിക്കുന്നതാണ്. വിവിധ സഭാസമ്മേളന കാലങ്ങളിലെ ഇതുവരെ ഉത്തരം ലഭ്യമാക്കാത്ത ചോദ്യങ്ങളുടെ പട്ടിക അനുബന്ധം 1-ആയി ചേർത്തിരിക്കുന്നു.

10) സഭാതലത്തിൽ മറുപടി നൽകാത്തതും തെറ്റായ മറുപടി നൽകിയതെന്ന് അംഗങ്ങൾക്ക് ബോദ്ധ്യമുള്ളതുമായ ചോദ്യങ്ങളുടെ ഉത്തരങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് രേഖാമൂലം അംഗങ്ങൾ ബഹു. സ്പീക്കർക്ക് എഴുതിക്കൊടുത്തത് ബന്ധപ്പെട്ട വകുപ്പിനെ നിയമസഭാ സെക്രട്ടേറിയറ്റ് അറിയിച്ചിട്ടുള്ള വിഷയങ്ങൾ സംബന്ധിച്ച ഫയലുകളിൽപോലും നാളിതുവരെ മറുപടി നൽകാതെ അവശേഷിക്കുന്നു എന്നത് ലജ്ജാകരമെന്നേ പറയാൻ സാധിക്കൂ. വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെടുന്ന കാര്യങ്ങൾ സമയബന്ധിതമായി ലഭ്യമാക്കിയില്ലെങ്കിൽ നൽകുന്ന പിഴ പോലെ നിയമസഭാ ചോദ്യങ്ങൾക്ക് യഥാസമയം ഉത്തരം നൽകുന്നതിന് കർശന നിബന്ധന ഇല്ലാത്തതായിരിക്കാം

ഇത്തരത്തിലുള്ള അലംഭാവത്തിന് കാരണമെന്നാണ് സമിതി വിലയിരുത്തുന്നത്. സഭാനടപടിച്ചട്ടങ്ങളിലെ ചട്ടം 47(2)ൽ പറയുന്നത്, "എന്നാൽ, അത്തരം മറുപടികൾ ഉപചട്ടം (2) ൽ നിർദ്ദേശിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ നൽകാൻ കഴിയാത്തപക്ഷം ബന്ധപ്പെട്ട മന്ത്രി അതിന്റെ കാരണങ്ങൾ വിശദീകരിച്ചുകൊണ്ട് ഒരു പ്രസ്താവന നടപ്പ സമ്മേളനത്തിലോ, അല്ലെങ്കിൽ സഭയുടെ അടുത്ത സമ്മേളനത്തിലോ ഏതാണാദ്യം വരുന്നത് അതിൽ മേശപ്പുറത്തു വയ്ക്കേണ്ടതാണ്" എന്നാണ്. അതായത്, ഒരു സമ്മേളനത്തിലെ ചോദ്യങ്ങളുടെ ഉത്തരങ്ങൾ അടുത്ത സമ്മേളനത്തിനുമുൻപായി കാലതാമസപത്രിക സഹിതം സഭയുടെ മുൻപാകെ ലഭ്യമാക്കേണ്ടതാണ്. ഈ വ്യവസ്ഥ പോലും പാലിക്കാതിരിക്കുന്നു എന്നത് അംഗങ്ങളുടെ അവകാശങ്ങൾ ലംഘിക്കുന്നതിന് തുല്യമാണെന്ന് സമിതി വിലയിരുത്തുന്നു. അതിനാൽ, ഒരു സഭാ സമ്മേളനകാലത്ത് സഭ മുൻപാകെ വന്നിട്ടുള്ള ചോദ്യങ്ങളിൽ യഥാസമയം ഉത്തരം ലഭ്യമാക്കാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ കാലതാമസപത്രിക സഹിതം അടുത്ത സഭാ സമ്മേളനത്തിന്റെ ആദ്യദിവസങ്ങളിൽതന്നെ സഭയുടെ മേശപ്പുറത്തുവയ്ക്കാൻ ലഭ്യമാക്കണമെന്നും ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സമയബന്ധിതമായി സ്വീകരിക്കണമെന്നും പാർലമെന്ററികാര്യ വകുപ്പിനോട് സമിതി നിർദ്ദേശിക്കുന്നു.

11) പല ചോദ്യങ്ങൾക്കും "വിവരംശേഖരിച്ചു വരുന്നു" , "വിവരം ശേഖരിച്ച് നൽകുന്നതാണ്" , എന്നിങ്ങനെ താൽക്കാലികവും അവ്യക്തവുമായ മറുപടി സഭയിൽ നൽകുന്നുണ്ട്. ഇവയുടെ അന്തിമ മറുപടി നൽകുന്നതിൽ പലപ്പോഴും വീഴ്ച വരുത്തുന്നതായി കാണുന്നു. ഒരു സഭാ സമ്മേളനകാലത്ത് ചോദ്യത്തിന് നൽകുന്ന താൽക്കാലിക മറുപടിയുടെ അന്തിമമറുപടി സഭയിൽ സമർപ്പിക്കുന്നതിനായി അടുത്ത സഭാ സമ്മേളനത്തിനു മുൻപായിത്തന്നെ നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു.

12) നിയമസഭയിൽ ഉന്നയിക്കുന്ന പല പ്രധാനപ്പെട്ട ചോദ്യങ്ങൾക്കും "വിവരം ശേഖരിച്ചു വരുന്നു" എന്ന താൽക്കാലിക മറുപടിയാണ് ലഭിക്കാറുള്ളത്.

ഒരു നിയമസഭയുടെ കാലാവധി കഴിയുന്നതുവരെ ഉത്തരം ലഭ്യമാക്കാതിരിക്കുകയും നിയമസഭയുടെ കാലാവധി കഴിഞ്ഞു എന്ന ഒറ്റ കാരണത്താൽ മറുപടി നൽകേണ്ടതില്ല എന്ന സമീപനം സ്വീകരിക്കുകയും ചെയ്യുന്നതായി സമിതി മനസ്സിലാക്കുന്നു. എന്നാൽ "വിവരം ശേഖരിച്ചു വരുന്നു" എന്ന താല്ക്കാലിക മറുപടി ഒരു ഉറപ്പായിട്ടുതന്നെയാണ് ഉറപ്പുകൾ സംബന്ധിച്ച സമിതി പരിഗണിക്കുന്നത്. ഈ ഉറപ്പിന് അനുസൃതമായിട്ടുള്ള മറുപടിയാണ് ലഭിക്കേണ്ടത്. പ്രസ്തുത മറുപടികൾ പരിശോധിച്ച് നിയമസഭയിൽ നൽകിയ ഉറപ്പുകൾ പാലിച്ചു കഴിഞ്ഞോ എന്ന് പരിശോധിക്കേണ്ടത് ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ ചുമതലയാണ്. പൊതുജനോപകാരപ്രദവും സത്വരശ്രദ്ധ പതിയേണ്ടവയുമാണെന്ന് ഉത്തമ ബോധ്യമുള്ളതും മന്ത്രിമാർ നിയമസഭയിൽ വ്യക്തമായി നൽകിയിട്ടുള്ളതുമായ ഉറപ്പുകൾ പോലും അവ നടപ്പിലാക്കുന്നതിനോ അന്തിമ മറുപടി നൽകുന്നതിനോ യാതൊരു നടപടിയും സ്വീകരിക്കാതിരിക്കുന്നു എന്ന അവസ്ഥയ്ക്ക് മാറ്റം വരേണ്ടതാണ്.

13) ഉറപ്പുകൾ പാലിക്കുന്ന കാര്യത്തിൽ ഒഴിവാക്കാവുന്ന കാലതാമസം ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിക്കുമ്പോൾ കുറ്റകരമായ അലംഭാവവും ഉദാസീനതയും നിഷേധാത്മക സമീപനങ്ങളും ബന്ധപ്പെട്ട വകുപ്പുകളുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നതായി സമിതി പരിശോധിച്ചതിൽ നിന്നും കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. ഇക്കാര്യം മുൻകാല സമിതികൾ വിലയിരുത്തുകയും ഇക്കാര്യങ്ങൾ ചൂണ്ടിക്കാട്ടി സമിതി റിപ്പോർട്ടുകൾ സഭ മുൻപാകെ സമർപ്പിച്ച് സർക്കാരിനോട് തുടർനടപടി ആവശ്യപ്പെടുകയും ചെയ്തിരുന്നുവെങ്കിലും ആശാവഹമായ പുരോഗതി ഉണ്ടായതായി കാണുന്നില്ല. സഭയുടെ മുൻപാകെ സമിതി സമർപ്പിച്ച റിപ്പോർട്ടുകളിലെ ശിപാർശപോലും യഥാസമയം നടപ്പിലാക്കി നടപടി സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാൻ വിവിധ വകുപ്പുകൾ തയ്യാറാകുന്നില്ല എന്നത് അപലപനീയമാണ്. <u>സമിതി സഭയിൽ സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടുകളിന്മേൽ നടപടി സ്വീകരിച്ച്</u>

<u>ഇതുസംബന്ധിച്ച തുടർ നടപടി റിപ്പോർട്ട് യഥാസമയം ലഭ്യമാക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു.</u>

14) സഭാതലത്തിൽ ഉറപ്പുകൾ നൽകുമ്പോൾ അവ എത്രത്തോളം പ്രാവർത്തികമാക്കുവാൻ സാധിക്കുമെന്നും, അതിന്മേൽ മുൻതീരുമാനങ്ങൾ എടുത്തതിനു ശേഷമാണോ വാഗ്ദാനം നൽകുന്നതെന്നും അനുയോജ്യമായ തീരുമാനങ്ങൾ എടുക്കാൻ സാധിക്കുമോ എന്നും സമയപരിധിക്കുള്ളിൽ നടപ്പിലാക്കുവാൻ സാധിക്കുമോ എന്നുമുള്ള കാര്യങ്ങൾ കണക്കിലെടുക്കുന്നില്ല എന്ന വസ്തുതയും സമിതിക്ക് പരിശോധനാവേളയിൽ മനസ്സിലായിട്ടുണ്ട്. സുചിന്തിതമായ വാഗ്ദാനങ്ങൾ നടത്തിയാൽ മാത്രമേ അവ പ്രാവർത്തികമാക്കുവാൻ സാധിക്കുകയുള്ളൂ. വാഗ്ദാനങ്ങളും ഉറപ്പുകളും നൽകുന്നതിലും നിർവ്വഹണം നടത്തുന്നതിലും വ്യവസ്ഥാപിതമായ അവലോകനം അനുവർത്തിക്കേണ്ടതാണെന്നും സമിതി വിലയിരുത്തുന്നു.

15) നിയമസഭയിൽ ഉന്നയിക്കപ്പെടുന്ന ജനകീയ/വികസന പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് ഗവൺമെന്റിന്റെ തുടർ പ്രവർത്തനങ്ങൾ വിലയിരുത്തുന്ന ഏക നിയമസഭാ സമിതിയാണ് ഉറപ്പുകൾ സംബന്ധിച്ച സമിതി. ഗവർണറുടെ നയപ്രഖ്യാപനവും ബഡ്ജറ്റ് പ്രസംഗവും അനൗദ്യോഗികാംഗങ്ങളുടെ കാര്യവും ഒഴികെയുള്ള എല്ലാ സന്ദർഭങ്ങളിലും ഗവൺമെന്റ് സഭയ്ക്ക് നൽകുന്ന ഉറപ്പുകൾ പരിശോധിക്കുക എന്ന സമിതിയുടെ കർത്തവ്യം, മറ്റ് നിയമസഭാ സമിതികളുടെ പ്രവർത്തനങ്ങളിൽ നിന്നും ഈ സമിതിയെ വേർതിരിച്ച് നിർത്തുന്നു. സമിതികളെ 'മിനി നിയമസഭകൾ' എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്. എന്നാൽ നിയമസഭയിൽ നടക്കുന്ന കാര്യങ്ങൾ പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നു എന്നത് ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ പ്രാധാന്യം വർദ്ധിപ്പിക്കുന്നു. നിയമസഭാ നടപടിക്രമങ്ങൾ പൂർണ്ണമായും പരിശോധിച്ച്, ഗവൺമെന്റ് നൽകിയ ഉറപ്പുകൾ കണ്ടെത്തുകയാണ് ചെയ്യുന്നത്. ജനങ്ങളെ നേരിട്ട് ബാധിക്കുന്ന ഒട്ടേറെ പ്രശ്നങ്ങൾ

സഭയിൽ ഉന്നയിക്കപ്പെടുന്ന സാഹചര്യത്തിൽ, അവ പരിഹരിക്കുന്നതു സംബന്ധിച്ച് നൽകുന്ന വാഗ്ദാനങ്ങൾ പാലിക്കപ്പെടുന്നുണ്ടോ എന്ന കാര്യത്തിൽ ജനങ്ങൾ ഉത്സുകരാണ്. ഇത് പരിശോധിക്കുന്നതിനുള്ള ഏക സംവിധാനമാണ് എന്നത് സമിതിയുടെ ഉത്തരവാദിത്വം വർദ്ധിപ്പിക്കുന്നു. ഇതിനനുസൃതമായി ഭരണ വകുപ്പുകൾ പ്രവർത്തിച്ചാൽ മാത്രമേ സമയബന്ധിതമായി ഉറപ്പുകൾ നടപ്പിലാക്കുവാനും ആയതു വഴി ജനങ്ങൾക്ക് പ്രയോജനം ലഭിക്കാനും സാധ്യമാവൂ. എന്നാൽ ഈ വിഷയത്തിൽ ഭരണ വകുപ്പുകളുടെ മനപൂർവ്വമോ അല്ലാതെയോ ഉള്ള നിഷ്ക്രിയത്വം നിയമസഭയിൽ നൽകുന്ന വാഗ്ദാനങ്ങളുടെ വിശ്വാസ്യതയെത്തന്നെ ചോദ്യം ചെയ്യുന്നു എന്ന് സമിതി വിലയിരുത്തുന്നു. ഓരോ സമ്മേളനം കഴിയുമ്പോഴും സഭാതലത്തിൽ നൽകപ്പെടുന്ന ഉറപ്പുകൾ എത്രത്തോളം പാലിക്കപ്പെടുന്നുവെന്നും പാലിക്കപ്പെടാത്ത ഉറപ്പുകൾ എത്രയെന്നും പരിശോധിക്കുവാനുള്ള നടപടികൾ സർക്കാർ ഭാഗത്തുനിന്നുമുണ്ടാകണം. ജനങ്ങൾക്കു വേണ്ടി നിയമസഭയിൽ അംഗങ്ങൾ ഉന്നയിക്കുന്ന പരാതികൾക്കും പ്രശ്നങ്ങൾക്കും പരിഹാരം കാണാനുതകുന്ന രീതിയിൽ കമ്മിറ്റിയുടെ പ്രവർത്തനം സുഗമവും കാര്യക്ഷമവുമായി മുന്നോട്ടു കൊണ്ടുപോകുന്നതിന് ഗവൺമെന്റിന്റെയും സമിതിയുടെയും പ്രവർത്തനങ്ങൾ തമ്മിലുള്ള ഏകോപനം കാര്യക്ഷമമാക്കത്തക്ക വിധത്തിൽ പാർലമെന്ററികാര്യ വകുപ്പിനെ ശക്തിപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

16) സഭാതലത്തിൽ നൽകുന്ന ഉറപ്പുകൾക്കും അതുമായി ബന്ധപ്പെട്ട് ആരായുന്ന അധിക വിവരങ്ങൾക്കും യഥാസമയം മറുപടി നൽകുന്നതിൽ ശുഷ്കാന്തി കാണിക്കാത്തത് നിർവ്വഹണ നടപടികൾ വൈകിക്കുന്നതിനും നടപടി റിപ്പോർട്ടുകൾ അപൂർണ്ണമാക്കുന്നതിനും നിർവ്വഹണം നടന്നുകഴിഞ്ഞ ഉറപ്പുകളിന്മേലുള്ള റിപ്പോർട്ട് സമിതിക്ക് എത്തിക്കുന്നതിൽ കാലതാമസം വരുത്തുന്നതിനും കാരണമാകുന്നതിൽ സമിതി കടുത്ത അസന്തുഷ്ടി രേഖപ്പെടുത്തുന്നു. ഉറപ്പുകളുടെ നിർവ്വഹണവും അവയുടെ റിപ്പോർട്ടിംഗും സമയബന്ധിതമായി നടത്തുന്നതിനെക്കുറിച്ചും വീഴ്ചകൾക്ക് ശിക്ഷാ

നടപടികൾ ഏർപ്പെടുത്തുന്നതിനുള്ള സംവിധാനത്തെക്കുറിച്ചും സമിതി ഗൗരവമായി ആലോചിക്കുകയുണ്ടായി.

17) ഓരോ സഭാ സമ്മേളനം കഴിയുമ്പോഴും സഭാതലത്തിൽ നൽകപ്പെടുന്നവയിൽ സമിതി പരിശോധിച്ച് ഉറപ്പായി അംഗീകരിക്കപ്പെടുന്നവ ബന്ധപ്പെട്ട വകുപ്പുകളെയും പാർലമെന്ററികാര്യ വകുപ്പിനെയും അറിയിക്കാറുണ്ട്. ഈ ഉറപ്പുകൾ എത്രത്തോളം പാലിക്കപ്പെട്ടു എന്നും പാലിക്കപ്പെടാത്തതായ ഉറപ്പുകൾ ഏതെല്ലാമെന്നും പാർലമെന്ററി കാര്യവകുപ്പ് പരിശോധിച്ച് ബന്ധപ്പെട്ട വകുപ്പുകളെ ഇക്കാര്യം ഓർമ്മിപ്പിച്ച് തുടർ നടപടി സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിലുള്ള പുരോഗതി സ്റ്റേറ്റ്മെന്റ് ഈ റിപ്പോർട്ട് ലഭിച്ച് മൂന്ന് മാസത്തിനുള്ളിൽ സമിതിക്ക് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

18) കേരള നിയമസഭയിൽ ഉറപ്പുകൾ സംബന്ധിച്ച നടപടിക്രമങ്ങൾ നാഷണൽ ഇൻഫർമാറ്റിക് സെന്റർ (NIC) വികസിപ്പിച്ചെടുത്ത Assurance Implementation Desk (AID) എന്ന പ്രത്യേക വെബ് അധിഷ്ഠിത സോഫ്റ്റ് വെയർ മുഖാന്തിരമായതിനാൽ നടപടിക്രമങ്ങളിൽ മുൻകാലങ്ങളെക്കാൾ കാലതാമസം ഒഴിവാക്കാവുന്ന അവസ്ഥ നിലവിലുണ്ട്. AID-ൽ അപ്‌ലോഡ് ചെയ്യുന്ന ഉറപ്പുകൾ അന്നേ ദിവസം തന്നെ ബന്ധപ്പെട്ട വകുപ്പുകൾക്ക് ലഭിക്കുന്നു. തപാൽ സംവിധാനത്തിലെ കാലതാമസം ഇവിടെ ഒഴിവായി കിട്ടുന്നുണ്ട്. കടലാസ് രഹിതമായ ഓഫീസ് നടപടിക്രമമെന്നതിലുപരി കൈകാര്യം ചെയ്യുന്നതിലുണ്ടാകുന്ന കാലതാമസംവരെ AID ഒഴിവാക്കിത്തരുന്നുണ്ടെങ്കിലും ഇപ്പോഴും ഗവൺമെന്റ് തലത്തിലുള്ള ഉറപ്പുകളുടെ നടപടികളിൽ ആശാവഹമായ പുരോഗതി ഉണ്ടായിട്ടില്ല എന്നത് നിരുത്തരവാദപരമായ സമീപനമായി മാത്രമേ സമിതിക്ക് വിലയിരുത്താൻ കഴിയുകയുള്ളൂ.

19) സെക്രട്ടേറിയറ്റിലെ ഉദ്യോഗസ്ഥർക്ക് പലർക്കും ഇപ്പോഴും AID- ൽ ലഭ്യമായ വിവരങ്ങൾ പരിശോധിക്കുന്നതിനോ തുടർ നടപടികൾ സ്വീകരിക്കുന്നതിനോ ആവശ്യമായ പരിജ്ഞാനമില്ലെന്ന് സമിതിയുടെ അന്വേഷണത്തിൽ നിന്നും മനസ്സിലാക്കാൻ സാധിച്ചു. അതിനാൽ, സെക്രട്ടേറിയറ്റിലെ, AID കൈകാര്യം ചെയ്യേണ്ട എല്ലാ ഉദ്യോഗസ്ഥർക്കും ആവശ്യമായ പരിശീലനം സമയബന്ധിതമായി നൽകാൻ പാർലമെന്ററികാര്യവകുപ്പ് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. AID സോഫ്റ്റ് വെയറിൽ പോരായ്മകളുണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും സമിതി പാർലമെന്ററികാര്യ വകുപ്പിനോട് ശുപാർശ ചെയ്യുന്നു.

20) ഉറപ്പുകൾ നടപ്പിലാക്കി അതു സംബന്ധിച്ച നടപടി സ്റ്റേറ്റ്മെന്റ് AID മുഖേന ലഭ്യമാക്കാൻ നിശ്ചയിച്ചിട്ടുള്ള സമയം മതിയാവുകയില്ല എന്ന് ബോദ്ധ്യമാവുകയാണെങ്കിൽ ഇതിനായി കൂടുതൽ സമയം ലഭിക്കണമെന്ന് ബന്ധപ്പെട്ട വകുപ്പിന് സമിതിയോട് രേഖാമൂലം അഭ്യർത്ഥിക്കാവുന്നതാണ്. അതനുസരിച്ച് സമിതി നിശ്ചയിക്കുന്ന സമയത്തിനുള്ളിൽ തന്നെ ഉറപ്പുകൾ നടപ്പിലാക്കി നടപടി സ്റ്റേറ്റ്മെന്റ് AID- ൽ upload ചെയ്യേണ്ടതാണ്.

21) AID-ൽ ഇപ്പോൾ 11-ാം കേരള നിയമസഭയുടെ 1-ാം സമ്മേളനം മുതലുള്ള ഉറപ്പുകളുടെ നടപടി സ്റ്റേറ്റ്മെന്റുകളും അധികവിവര സ്റ്റേറ്റ്മെന്റുകളുമാണ് കുടിശ്ശികയായുള്ളത്. 13-ാം കേരള നിയമസഭയുടെ അവസാന സമ്മേളനംവരെയുള്ള ഉറപ്പുകളുടെ വകുപ്പു തിരിച്ചുള്ള പട്ടിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

22) സെക്രട്ടേറിയറ്റിൽ നിയമം, ധനകാര്യം എന്നീ വകുപ്പുകൾ ഉൾപ്പെടെ വിവിധ വകുപ്പുകളിലായി ഏകദേശം 450 ഓളം സെക്ഷനുകളാണുള്ളത്. AID-ലെ കണക്കുകൾ പ്രകാരം 11-ാം കേരള നിയമസഭ മുതലുള്ള 1956 ഉറപ്പുകളുടെ നടപടി സ്റ്റേറ്റ്മെന്റുകളും, വിവിധ സമിതികൾ പരിഗണിച്ച് ആവശ്യപ്പെട്ട 387 അധിക

വിവരങ്ങളുടെ സ്റ്റേറ്റ്മെന്റുകളും വിവിധ റിപ്പോർട്ടുകളിലെ നിർദ്ദേശങ്ങളുമടക്കം ഏകദേശം 2343 ഉറപ്പുകളുടെ ഫയലുകളാണ് AID-ൽ തീരുമാനമാകാതെ കാണുന്നത്. സെക്രട്ടേറിയറ്റിലെ ഒരു സെക്ഷനിൽ ശരാശരി 6 ഉറപ്പുകളുടെ ഫയൽ മാത്രമാണ് തീർപ്പാക്കാൻ കുടിശ്ശികയായി കാണുന്നത്. പ്രസ്തുത 6 ഉറപ്പുകൾ എന്നത് ചില സെക്ഷനുകളിൽ കൈകാര്യം ചെയ്യുന്ന വിഷയത്തിന്റെ അടിസ്ഥാനത്തിൽ കൂടിയും കുറഞ്ഞും കണ്ടേക്കാം. ഈ ഉറപ്പുകളുടെ കുടിശ്ശിക ഫയലുകളിൽ തീർപ്പാക്കുന്നതിന് അധിക മാനുഷിക അദ്ധ്വാനം വേണ്ടിവരുമെന്ന് കരുതുന്നില്ല. ആയതിനാൽ, പാർലമെന്ററികാര്യ വകുപ്പും ചീഫ് സെക്രട്ടറിയുടെ ഓഫീസും വിവിധ വകുപ്പുകളിലുള്ള കുടിശിക ഉറപ്പുകളുടെ ഫയലുകൾ തീർപ്പാക്കുന്ന കാര്യത്തിൽ പ്രത്യേക താല്പര്യമെടുക്കണമെന്നും ഇക്കാര്യത്തിൽ വ്യക്തമായ മറുപടി സമിതിക്ക് ലഭ്യമാക്കണമെന്നും കുടിശ്ശിക എന്നത്തേക്ക് തീർപ്പാക്കാൻ സാധിക്കുമെന്നതിന്റെ വ്യക്തമായ വിവരം സമിതിക്ക് ലഭ്യമാക്കണമെന്നും സമിതി പാർലമെന്ററികാര്യ വകുപ്പിനോട് നിർദ്ദേശിക്കുന്നു.

23) ഇതിനായി പാർലമെന്ററികാര്യ വകുപ്പ് ഒരു ഷെഡ്യൂൾ തയ്യാറാക്കണമെന്നും 11-ാം കേരള നിയമസഭ മുതൽ 13-ാം കേരള നിയമസഭയുടെ 16-ാം സമ്മേളനം വരെയുള്ള കാലയളവിലെ ഉറപ്പുകളിൽ തീർപ്പാക്കാനുള്ളവ ഏതേതു തീയതികൾക്കകം തീർപ്പാക്കി AID-ൽ upload ചെയ്യുമെന്നതുൾപ്പെടെയുള്ള വിവരങ്ങൾ സമിതിക്ക് ലഭ്യമാക്കണമെന്നും അതിന്റെ പുരോഗതി പാർലമെന്ററികാര്യ വകുപ്പ് യഥാസമയം പരിശോധിക്കണമെന്നും നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

24) നിയമസഭാ ചോദ്യങ്ങളുടെ ഉത്തരങ്ങൾ ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കുന്നതിനും ഗവൺമെന്റ് നൽകുന്ന ഉറപ്പുകളിൻമേലുള്ള നടപടി റിപ്പോർട്ടുകളും സമിതി ആവശ്യപ്പെടുന്ന അധികവിവരങ്ങളും സമയബന്ധിതമായി സമിതിയ്ക്ക് ലഭ്യമാക്കുന്നതിനും മാത്രമായി സെക്രട്ടേറിയറ്റിലെ പ്രധാന വകുപ്പുകളിൽ

<u>ഓരോന്നിലും അണ്ടർ സെക്രട്ടറി റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

25) ജനാധിപത്യ സംവിധാനത്തിൽ ജനപ്രതിനിധികളുടെ ഏറ്റവും പ്രധാന ആയുധമാണ് ചോദ്യോത്തരവേള ഉൾപ്പെടെയുള്ള നിയമസഭാ നടപടികൾ. ഇവ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളിൽ നേരിട്ട് ഇടപെടുന്നതിനും ചോദ്യം ചെയ്യുന്നതിനും എന്തെങ്കിലും കുറവുവരുന്ന അവസരങ്ങളിൽ ഗവൺമെന്റിൽ നിന്ന് ജനോപകാരപ്രദമായ ഉറപ്പുകൾ നേടിയെടുക്കുന്നതിനും ജനപ്രതിനിധികൾക്ക് അവസരം നല്കുന്നു. എന്നാൽ ഇത്തരം ഉറപ്പുകൾ യഥാസമയം പാലിക്കപ്പെടുന്നില്ലെങ്കിൽ അതിന്റെ പ്രസക്തി തന്നെ നഷ്ടപ്പെടുന്നു. നമ്മുടെ ജനാധിപത്യത്തിന്റെ ശക്തിയും ചൈതന്യവും നിലനിർത്തുന്നതിന് ഗവൺമെന്റ് നല്കുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ ഉദ്യമത്തിന് ഗവൺമെന്റിന്റെ ഭാഗത്തുനിന്നും എല്ലാവിധ സഹകരണവും സമിതി പ്രതീക്ഷിക്കുന്നു.

**ചെയർമാൻ**

**ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതി**

## സമിതിയുടെ ശിപാർശകൾ

1) ഒരു സഭാ സമ്മേളനകാലത്ത് സഭ മുൻപാകെ വന്നിട്ടുള്ള ചോദ്യങ്ങളിൽ യഥാസമയം ഉത്തരം ലഭ്യമാക്കാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ കാലതാമസപത്രിക സഹിതം അടുത്ത സഭാ സമ്മേളനത്തിന്റെ ആദ്യദിവസങ്ങളിൽതന്നെ സഭയുടെ മേശപ്പുറത്തുവയ്ക്കാൻ ലഭ്യമാക്കണമെന്നും ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സമയബന്ധിതമായി സ്വീകരിക്കണമെന്നും പാർലമെന്ററികാര്യ വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു.

2) സമിതി സഭയിൽ സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടുകളിന്മേൽ നടപടി സ്വീകരിച്ച് ഇതുസംബന്ധിച്ച തുടർ നടപടി റിപ്പോർട്ട് യഥാസമയം ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3) ജനങ്ങൾക്കു വേണ്ടി നിയമസഭയിൽ അംഗങ്ങൾ ഉന്നയിക്കുന്ന പരാതികൾക്കും പ്രശ്നങ്ങൾക്കും പരിഹാരം കാണാനുതകുന്ന രീതിയിൽ കമ്മിറ്റിയുടെ പ്രവർത്തനം സുഗമവും കാര്യക്ഷമവുമായി മുന്നോട്ട് കൊണ്ടുപോകുന്നതിന് ഗവൺമെന്റിന്റെയും സമിതിയുടെയും പ്രവർത്തനങ്ങൾ തമ്മിലുള്ള ഏകോപനം കാര്യക്ഷമമാക്കത്തക്ക വിധത്തിൽ പാർലമെന്ററികാര്യ വകുപ്പിനെ ശക്തിപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4) ഓരോ സഭാ സമ്മേളനം കഴിയുമ്പോഴും സഭാതലത്തിൽ നൽകപ്പെടുന്ന ഉറപ്പുകൾ എത്രത്തോളം പാലിക്കപ്പെട്ടു എന്നും പാലിക്കപ്പെടാത്തതായ ഉറപ്പുകൾ ഏതെല്ലാമെന്നും പാർലമെന്ററി കാര്യവകുപ്പ് പരിശോധിച്ച് ബന്ധപ്പെട്ട വകുപ്പുകളെ ഇക്കാര്യം ഓർമ്മിപ്പിച്ച് തുടർ നടപടി സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിലുള്ള പുരോഗതി സ്റ്റേറ്റ്മെന്റ് ഈ റിപ്പോർട്ട് ലഭിച്ച് മൂന്ന് മാസത്തിനുള്ളിൽ സമിതിക്ക് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5) സെക്രട്ടേറിയറ്റിലെ, AID കൈകാര്യം ചെയ്യേണ്ട എല്ലാ ഉദ്യോഗസ്ഥർക്കും ആവശ്യമായ പരിശീലനം സമയബന്ധിതമായി നൽകാൻ പാർലമെന്ററികാര്യവകുപ്പ് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. AID സോഫ്റ്റ് വെയറിൽ പോരായ്മകളുണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും സമിതി പാർലമെന്ററികാര്യ വകുപ്പിനോട് ശിപാർശ ചെയ്യുന്നു.

6) പാർലമെന്ററികാര്യ വകുപ്പും ചീഫ് സെക്രട്ടറിയുടെ ഓഫീസും വിവിധ വകുപ്പുകളിലുള്ള കുടിശിക ഉറപ്പുകളുടെ ഫയലുകൾ തീർപ്പാക്കുന്ന കാര്യത്തിൽ പ്രത്യേക താല്പര്യമെടുക്കണമെന്നും ഇക്കാര്യത്തിൽ വ്യക്തമായ മറുപടി സമിതിക്ക് ലഭ്യമാക്കണമെന്നും കുടിശ്ശിക എന്നത്തേക്ക് തീർപ്പാക്കാൻ സാധിക്കുമെന്നതിന്റെ വ്യക്തമായ വിവരം സമിതിക്ക് ലഭ്യമാക്കണമെന്നും സമിതി പാർലമെന്ററികാര്യ വകുപ്പിനോട് നിർദ്ദേശിക്കുന്നു. ഇതിനായി പാർലമെന്ററികാര്യ വകുപ്പ് ഒരു ഷെഡ്യൂൾ തയ്യാറാക്കണമെന്നും 11-ാം കേരള നിയമസഭ മുതൽ 13-ാം കേരള നിയമസഭയുടെ 16-ാം സമ്മേളനം വരെയുള്ള കാലയളവിലെ ഉറപ്പുകളിൽ തീർപ്പാക്കാനുള്ളവ ഏതേതു തീയതികൾക്കകം തീർപ്പാക്കി AID-ൽ upload ചെയ്യുമെന്നതുൾപ്പെടെയുള്ള വിവരങ്ങൾ സമിതിക്ക് ലഭ്യമാക്കണമെന്നും അതിന്റെ പുരോഗതി പാർലമെന്ററികാര്യ വകുപ്പ് യഥാസമയം പരിശോധിക്കണമെന്നും നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

7) നിയമസഭാ ചോദ്യങ്ങളുടെ ഉത്തരങ്ങൾ ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കുന്നതിനും ഗവൺമെന്റ് നൽകുന്ന ഉറപ്പുകളിൻമേലുള്ള നടപടി റിപ്പോർട്ടുകളും സമിതി ആവശ്യപ്പെടുന്ന അധികവിവരങ്ങളും സമയബന്ധിതമായി സമിതിയ്ക്ക് ലഭ്യമാക്കുന്നതിനും മാത്രമായി സെക്രട്ടറിയറ്റിലെ പ്രധാന വകുപ്പുകളിൽ ഓരോന്നിലും അണ്ടർ സെക്രട്ടറി റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## അനുബന്ധം I

### ഉത്തരം ലഭിക്കാനുള്ള ചോദ്യങ്ങളുടെയും വിവരം ശേഖരിച്ചുവരുന്നുവെന്ന് മറുപടി നൽകിയവയുടെയും സ്റ്റേറ്റ്മെൻറ്

| നിയമസഭ | സമ്മേളനം | ആകെ ചോദ്യങ്ങൾ |
|---|---|---|
| 13 | 1 | 98 |
| 13 | 2 | 209 |
| 13 | 3 | |
| 13 | 4 | 62 |
| 13 | 5 | 142 |
| 13 | 6 | 82 |
| 13 | 7 | 108 |
| 13 | 8 | 115 |
| 13 | 9 | 240 |
| 13 | 10 | 163 |
| 13 | 11 | 246 |
| 13 | 12 | 183 |
| 13 | 13 | 134 |
| 13 | 14 | 356 |
| 13 | 15 | 222 |
| 13 | 16 | 271 |
| 14 | 1 | 75 |
| 14 | 2 | 194 |
| 14 | 3 | |
| 14 | 4 | 91 |
| ആകെ | | 2991 |

## അനുബന്ധം II

മറുപടി ലഭിക്കാനുള്ള ഉറപ്പുകളുടെ സ്റ്റേറ്റ്മെൻറ്

| വകുപ്പ് | നടപടി റിപ്പോർട്ട് | അധിക വിവര സ്റ്റേറ്റ്മെന്റ് | ആകെ |
|---|---|---|---|
| കൃഷി വകുപ്പ് | 61 | 33 | 94 |
| വനം വന്യജീവി വകുപ്പ് | 30 | 7 | 37 |
| പൊതുഭരണ വകുപ്പ് | 13 | 1 | 14 |
| പൊതുവിദ്യാഭ്യാസ വകുപ്പ് | 113 | 12 | 125 |
| ആരോഗ്യ കുടുംബക്ഷേമ വകുപ്പ് | 235 | 19 | 254 |
| ഉന്നത വിദ്യാഭ്യാസ വകുപ്പ് | 55 | 12 | 67 |
| ആഭ്യന്തര വകുപ്പ് | 110 | 22 | 132 |
| ഭവന നിർമ്മാണ വകുപ്പ് | 11 | 3 | 14 |
| വ്യവസായ വകുപ്പ് | 83 | 21 | 104 |
| വിവര പൊതുജനസമ്പർക്ക വകുപ്പ് | 13 | 2 | 15 |
| വിവര സാങ്കേതികവിദ്യാ വകുപ്പ് | 13 | 2 | 15 |
| കോസ്റ്റൽ ഷിപ്പിംഗ് ഇൻലാന്റ് നാവിഗേഷൻ | 14 | 4 | 18 |
| തൊഴിലും നൈപുണ്യവും വകുപ്പ് | 18 | 13 | 31 |
| നിയമ വകുപ്പ് | 2 | 1 | 3 |
| തദ്ദേശ സ്വയംഭരണ വകുപ്പ് | 204 | 18 | 222 |
| പ്രവാസി കേരളീയകാര്യ വകുപ്പ് | 12 | 2 | 14 |
| പാർലമെന്ററികാര്യ വകുപ്പ് | 12 | 2 | 14 |
| ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് | 11 | 7 | 18 |
| ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് | 6 | 4 | 10 |
| ഊർജ്ജ വകുപ്പ് | 3 | 21 | 24 |
| പൊതുമരാമത്ത് വകുപ്പ് | 85 | 20 | 105 |

| | | | |
|---|---|---|---|
| റവന്യൂ വകുപ്പ് | 105 | 5 | 110 |
| സഹകരണ വകുപ്പ് | 11 | 5 | 16 |
| പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് | 72 | 31 | 103 |
| ശാസ്ത്ര സാങ്കേതിക വകുപ്പ് | 9 | 0 | 9 |
| സാമൂഹ്യനീതി വകുപ്പ് | 55 | 13 | 68 |
| സ്റ്റോർപർച്ചേസ് വകുപ്പ് | 0 | 0 | 0 |
| നികുതി വകുപ്പ് | 53 | 9 | 62 |
| ഗതാഗത വകുപ്പ് | 59 | 9 | 68 |
| വിനോദസഞ്ചാര വകുപ്പ് | 38 | 13 | 51 |
| വിജിലൻസ് വകുപ്പ് | 4 | 1 | 5 |
| ജലവിഭവ വകുപ്പ് | 85 | 42 | 127 |
| ഉപഭോക്തൃകാര്യ വകുപ്പ് | 1 | 0 | 1 |
| സാംസ്കാരിക വകുപ്പ് | 21 | 12 | 33 |
| കായികയുവജന ക്ഷേമ വകുപ്പ് | 67 | 3 | 70 |
| ന്യൂനപക്ഷക്ഷേമ വകുപ്പ് | 0 | 0 | 0 |
| പിന്നോക്കസമുദായ വികസന വകുപ്പ് | 6 | 0 | 6 |
| ആയുഷ് വകുപ്പ് | 0 | 0 | 0 |
| ഇലക്ഷൻ വകുപ്പ് | 0 | 0 | 0 |
| പരിസ്ഥിതി വകുപ്പ് | 7 | 4 | 11 |
| ധനകാര്യ വകുപ്പ് | 5 | 1 | 6 |
| മത്സ്യബന്ധന തുറമുഖ വകുപ്പ് | 12 | 7 | 19 |
| ഭക്ഷ്യപൊതുവിതരണ വകുപ്പ് | 60 | 16 | 76 |
| ആകെ | 1774 | 397 | 2171 |